**RASHTRIYA MADHYAMIK SHIKSHA ABHIYAN (RMSA)**
**State Project Office, 7th Floor**
**Trans Towers, Vazhuthacaud**
**Thiruvananthapuram. Kerala**
**Ph: 0471-2331388**
**E_mail:rmsakerala@gmail.com**

No.2109/P2/2014/RMSA

Dated: 29/10/2014

## സർക്കുലർ

2014-15 വാർഷിക പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ സെക്കന്ററി വിദ്യാലയങ്ങളിലെ കുട്ടികളുടെ സമഗ്രവികാസത്തിനുതകുന്ന പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി സ്കൂൾ ഗ്രാന്റ് ഇനത്തിൽ 50,000/- രൂപയും മൈനർ റിപ്പയർ ഗ്രാന്റ് ഇനത്തിൽ 25,000 രൂപയും സയൻസ് എക്സിബിഷൻ ഇനത്തിൽ 1,00,000/- രൂപയും പുസ്തകമേള നടത്തുന്നതിന് 1,00,000/- രൂപയും പ്രവൃത്തിപരിചയ മേളയ്ക്ക് 50,000/- രൂപയും സ്കൂൾ കലോത്സവത്തിന് ജില്ലാ തലത്തിൽ 1,00,000/- രൂപയും സബ്ജില്ലാ തലത്തിൽ 25,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 9-10 ക്ലാസ്സുകളിലെ അക്കാദമികവും ഇതരവുമായ പ്രവർത്തനങ്ങൾക്ക് മേല്പറഞ്ഞ തുക വിനിയോഗിക്കാം.

സ്കൂൾ ഗ്രാന്റ് (₹ 50,000/) ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

- **ലാബ് ശാക്തീകരണം** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 10,000/)

  സയൻസ്, സാമൂഹ്യപാഠം, ഗണിതം എന്നീ വിഷയങ്ങളിൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിന് ഒരേ സമയം ഒന്നിലധികം ഗ്രൂപ്പുകൾക്ക് ആവശ്യമായ സജ്ജീകരണമൊരുക്കൽ, കെമിക്കലുകൾ വാങ്ങുന്നതിന്-ലാബ് ഉകരണങ്ങൾ, ഷെൽഫുകൾ, ലാബിലെ ഫർണിച്ചറുകൾ വാങ്ങുന്നതിന്.

- **ലൈബ്രറി വികസനം** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 10,000/)

  കുട്ടികളുടെ നിലവാരത്തിലുള്ളതും വിജ്ഞാന പ്രദവുമായ പുസ്തകങ്ങൾ വാങ്ങുന്നതിന്, അധിക വായനയ്ക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിനും കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിന് സജ്ജീകരണ മൊരുക്കുന്നതിന്

- പ്ലാസ്റ്റിക് രഹിത വിദ്യാലയമാക്കുന്നതിനും മലിനജലം ഒഴിവാക്കുന്നതി നാവശ്യമായ സംവിധാനമൊരുക്കുന്നതിന്, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്, ആർ.എം.എസ്.എ സ്കൂളുകളിൽ ഐ.സി.റ്റി ലാബിലെ അനുബന്ധ സൗകര്യമൊരുക്കുന്നതിന്. (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 25,000/)

- **ക്ലാസ്സ്മുറികളുടെ നവീകരണം** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 15,000/)

  ക്ലാസ്സ് മുറികൾ ആകർഷകമാക്കുന്നതിനും, പ്രാദേശിക പാഠഭാഗങ്ങൾ ഒരുക്കുന്നതിനും പഠനം മെച്ചപ്പെടുന്നതിനും സഹായകമായ കുട്ടികളുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള സൗകര്യ മൊരുക്കുന്നതിനും, വിഷയബന്ധിതമായി പ്രാധാന്യമുള്ള വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും.

- **പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 15,000/)

  സ്പോർട്സ് ഉപകരണങ്ങൾ (കാരംസ്, ചെസ് ഉൾപ്പെടെ), പെൺകുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ബാറ്റ്മിന്റൽ കോർട്ട്, ടെന്നീസ് കോർട്ട് എന്നിവയുടെ നിർമ്മാണം. ചിത്രരചനയ്ക്കും പെയിന്റിംഗിനുമാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്, കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന്, ജൈവ പച്ചക്കറി കൃഷിയ്ക്കാവശ്യമായ സൗകര്യമൊരുക്കുന്നതിന് മുതലായവ.

**മൈനർ റിപ്പയർ ഗ്രാന്റ്** (₹ 25,000/)

- ആർ.എം.എസ്.എ സ്കൂളുകളിൽ സ്റ്റാഫിന് ഇരിയ്ക്കാനുള്ള സൗകര്യ മൊരുക്കുന്നതിന് (പഴയ ഫർണിച്ചർ ഭാഗങ്ങൾ പ്രയോജനപ്പെടുത്താം).
- സ്കൂളിന്റെ പേരെഴുതിയ ബോർഡ്-അറ്റകുറ്റപണി, ആർ.എം.എസ്.എ ഡിസ്പ്ലേ ബോർഡ് ഇനിയും തയ്യാറാക്കാത്ത സ്കൂളുകൾക്ക് തുക പ്രയോജനപ്പെടുത്താം.
- ക്ലാസ്സ് മുറികളിൽ തറയോട് പാകൽ, കെട്ടിടങ്ങളുടെ അറ്റകുറ്റപണി

സയൻസ് എക്സിബിഷൻ, പുസ്തകമേള, പ്രവൃത്തിപരിചയ മേള, സ്കൂൾ കലോത്സവം (ജില്ലാ/സബ്ജില്ലാ തലം എന്നീ ഇനങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

- **സയൻസ് എക്സിബിഷൻ** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 1,00,000/)

  വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വളർത്തുന്നതിനും സാമൂഹ്യ പ്രതിബദ്ധതയുണ്ടാക്കുന്നതിനും സർവോപരി ശേഷി വികാസനത്തിനും ശാസ്ത്രമേള ലക്ഷ്യമിടുന്നു.

- ❖ പ്രവർത്തന പരിപാടികൾ ജില്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ, ജില്ലാ പഞ്ചായത്ത്, ജില്ലാ വിദ്യാഭ്യാസ സമിതി എന്നിവരുമായി ചർച്ച ചെയ്യണം.

  (മംഗൾയാൻ-ചൊവ്വ പര്യവേഷണം-ഹുദ്-ഹൃദ് ചുഴലിക്കാറ്റ് പ്രവചനവും രക്ഷാ പ്രവർത്തനവും തുടങ്ങിയ ശാസ്ത്രമേഖല യിലെ നമ്മുടെ മുന്നേറ്റങ്ങൾ) എന്നീ കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സെമിനാറുകൾ, പ്രശ്നോത്തരി, ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ലേഖനങ്ങളുടെ വിലയിരുത്തൽ, വാർത്താ ബോർഡ് തയ്യാറാക്കൽ തുടങ്ങിയവ സ്കൂൾതലത്തിൽ തെരഞ്ഞെടുക്കപ്പെട്ടവ ജില്ലാതലത്തിൽ അവതരിപ്പിക്കുകയും പ്രദർശനം സംഘടിപ്പിക്കുകയുമാവാം.
- ❖ അദ്ധ്യാപകർക്കും കുട്ടികൾക്കും ലേഖന മത്സരം, പഠനോപകരണ സാമഗ്രികളുടെ നിർമ്മാണ മത്സരം, പുസ്തക-വാർത്താ ഫോർമാറ്റ് പ്രദർശനം എന്നിവ നടത്താം.
- ❖ പൊതുജനങ്ങൾക്ക് കാണാൻ സൗകര്യമുള്ള ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കണം. ശാസ്ത്ര-ഗവേഷണ സ്ഥാപനങ്ങളുടെ സ്റ്റാളു കൾക്ക് മുൻഗണന നൽകാം.
- ❖ മികച്ച് ശാസ്ത്രാവബോധ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാലയങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകണം.

കുട്ടികൾ ശാസ്ത്ര പഠനത്തിന്റെ ഭാഗമായി നേടുന്ന അറിവ് സമൂഹവുമായി ഫലപ്രദമായി പങ്കുവയ്ക്കുകയും അതുവഴി സാമൂഹ്യ മാറ്റത്തിന്റെ വക്താവായി മാറുന്ന അവസ്ഥ സംജാതമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേ ണ്ടതാണ്.

- **പുസ്തകമേള** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 1,00,000/)

  കുട്ടികൾക്ക് സർഗാത്മക പ്രവർത്തനങ്ങളിലേർപ്പെടാനും അതിലൂടെ തന്റെ സൻമാർഗതയെ ആവിഷ്ക്കരിക്കാനും അവരെ പ്രാപ്തരാക്കുന്നതിന് ജില്ലാതലത്തിൽ നടപ്പിലാക്കുന്ന പുസ്തകമേള പ്രയോജനപ്പെടുന്നു.

  - ❖ ജില്ലാ പഞ്ചായത്ത്, ജില്ലാ വിദ്യാഭ്യാസ സമിതി, ഡയറ്റ്, ഗ്രന്ഥശാലാസംഘം തുടങ്ങിയ സംവിധാനങ്ങളുടെ അഭിപ്രായങ്ങൾ തേടുകയും ജില്ലാ സംഘാടക സമിതി രൂപീകരിക്കുയും വേണം.
  - ❖ ജില്ലാ വിദ്യാഭ്യാസ കലാ-സാഹിത്യ വേദിയുടെ നേതൃത്വത്തിലാണ് സംഘാടനം നടത്തേണ്ടത്.

- **പ്രവൃത്തിപരിചയമേള** (പരമാവധി ചെലവഴിക്കാവുന്ന തുക ₹ 50,000/)

കുട്ടികളെ പ്രവൃത്യുന്മുഖ പഠനത്തിന് പ്രാപ്തരാക്കുന്നതിനും സാമൂഹ്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്ക്കാരം വളർത്തുന്നതിനും പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

  - ജില്ലയിലെ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ യോഗത്തിൽ പ്രവർത്തന പരിപാടികൾ അവതരിപ്പിക്കുക.
  - വർക്ക് എക്സ്പീരിയൻസ് അദ്ധ്യാപകരുടെ ശില്പശാല സംഘടിപ്പിക്കുക, കൊത്തൊഴിൽ കരകൗശല വിദഗ്ധരെയും പങ്കെടുപ്പിക്കാം. വർക്ക് എക്സ്പീരിയൻസ് അദ്ധ്യാപകർ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിന്ന് ഒരു പ്രവൃത്തപരിചയ കോ-ഓർഡിനേറ്ററെ കണ്ടെത്തി ചുമതലകൾ നൽകുക.
  - എല്ലാ വിദ്യാലയങ്ങളിലെയും 8, 9 ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഒരു കൈത്തൊഴിൽ ഇനത്തിലെങ്കിലും വൈദഗ്ധ്യം നൽകുന്നതിനുള്ള ആസൂത്രണം നടത്തുക. ഓരോ വിദ്യാലയത്തിലും ഈ വർഷം ഏതെല്ലാം ഇനങ്ങളിൽ പരിശീലനം നൽകും എന്നതു സംബന്ധിച്ച വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ക്രോഡീകരിക്കുക.
  - നിർമ്മിച്ച സാമഗ്രികളുടെ പ്രദർശനവും വിപണനവും കൈത്തൊഴിൽ പരിശീലനത്തിന്റെ ആവശ്യകത സംബന്ധിച്ച ചർച്ചയും വിദ്യാലയാടി സ്ഥാനത്തിൽ നടത്തേണ്ടതാണ്.
  - മികച്ച ഇനങ്ങൾ അവതരിപ്പിച്ച വിദ്യാലയങ്ങൾക്ക് സർട്ടിഫിക്കറ്റും സമ്മാനവും ജില്ലാ പ്രവൃത്തിപരിചയ മേളയിൽ നൽകുക.

ജില്ലാതല പ്രദർശനത്തിൽ മികവുകാണിച്ച കുട്ടികൾക്കും വിദ്യാലയങ്ങൾക്കും സർട്ടിഫിക്കറ്റും സമ്മാനവും പ്രവൃത്തിപരിചയ മേളയോടനുബന്ധിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാതല സെമിനാർ, ജില്ലാതലമേളയുടെ സുവനീർ എന്നിവയ്ക്ക് ഈ വർഷം അനുവദിക്കുന്ന തുക ചെലവഴിക്കേണ്ടതാണ്.

- **സ്കൂൾ കലോത്സവം (ജില്ലാ തലത്തിൽ:** പരമാവധി ചെലവഴിക്കാവുന്ന തുക ₹ 1,00,000/), (**സബ്ജില്ലാ തലത്തിൽ:** പരമാവധി ചെലവഴിക്കാവുന്ന തുക ₹ 25,000/)

25000 രൂപ വീതം 163 സബ്ജില്ലയ്ക്കും ഒരു ലക്ഷം രൂപ വീതം 14 ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. സ്കൂൾ കലോത്സവ മേളയോടനുബന്ധിച്ച് സബ് ജില്ലാതലത്തിലും റവന്യൂജില്ലാതലത്തിലും ആർ.എം.എസ്.എയുടെ ഒരു പവലിയൻ ഒരുക്കേണ്ടതാണ്. പ്രസ്തുത പവലിയനിൽ ആർ.എം.എസ്.എയിലൂടെ സ്കൂളുകൾക്ക് നൽകുന്ന ധനസഹായം, കുട്ടികളുടെ പഠനനേട്ടം വർദ്ധിപ്പിക്കുന്നതിന് നടത്തിവരുന്ന സവിശേഷമായ പ്രവർത്തനങ്ങൾ, എസ്.എം.ഡി.സിയുടെ പ്രവർത്തനങ്ങൾ, പരിഹാരബോധന പ്രവർത്തനങ്ങൾ, ക്വാളിറ്റി-ഇക്വിറ്റി ഇന്റർവെൻഷൻ സംബന്ധിച്ച പ്രവർത്തനങ്ങൾ

ആർ.എം.എസ്.എ സ്കൂളുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ആരംഭിച്ച 111 സ്കൂളുകളുടെ വിവരങ്ങൾ തുടങ്ങിയ പ്രദർശിപ്പിക്കേണ്ടതാണ്. (ഫോട്ടോകൾ ഉൾപ്പെടെ).

കൂടാതെ ജില്ലകളുടെ ആവശ്യാനുസരണം ട്രോഫികൾ വാങ്ങുന്നതിനും യുവജനോത്സവകമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം അത്യാവശ്യ ചെലവുകൾക്കും തുക വിനിയോഗിക്കാവുന്നതാണ്.

**ആർ.എം.എസ്.എ യുടെ സാന്നിദ്ധ്യം കലോത്സവത്തിൽ പ്രതിഫലിക്കുന്നുവെന്ന് എ.പി.ഒ/ഡി.പി.ഒ മാർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലകളിലെ എ.പി.ഒമാർ വ്യക്തിഗതശ്രദ്ധ ചെലുത്തേണ്ടതും ഡി.പി.ഒമാർക്ക് ആവശ്യമായ സഹായം നൽകേണ്ടതുമാണ്. സ്കൂൾ കലോത്സവങ്ങൾക്ക് ആർ.എം.എസ്.എ അനുവദിക്കുന്ന തുകയുടെ ചെലവുകളും വൗച്ചറുകളും കണക്കുകളും കൃത്യതയോടെ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.**

ജില്ലാതല സയൻസ് എക്സിബിഷൻ, പ്രവൃത്തിപരിചയമേള, കലോത്സവം എന്നിവയുടെ വിശദമായ ഡോക്കുമെന്റേഷൻ (ഫോട്ടോകൾ ഉൾപ്പെടെ) തയ്യാറാക്കി സംസ്ഥാന ഓഫീസിൽ അയച്ചുതരേണ്ടതാണ്. ഡോക്കുമെന്റേഷൻ തയ്യാറാക്കുമ്പോൾ പ്രസ്തുത മേളകൾ കുട്ടികൾക്ക് പഠനനേട്ടം കൈവരിക്കുന്നതിന് എത്രമാത്രം സഹായകമായെന്ന് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ ചെലവ് അനുവദിച്ച ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന ഇനങ്ങൾക്ക് മറ്റ് ഏജൻസികൾ-തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, അദ്ധ്യാപക-രക്ഷാകർതൃസമിതികൾ തുടങ്ങിയവ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ ആർ.എം.എസ്.എ പദ്ധതിയിൽ നിന്നും തുക ചെലവാക്കാൻ പാടുള്ളതല്ല.

ആർ.എം.എസ്.എ പദ്ധതിയിലൂടെ സ്കൂൾ തലത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ആയിരിക്കണം. പദ്ധതി പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും സുതാര്യമായി നടക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മിറ്റികളായിരിക്കണം. കമ്മിറ്റിയുടെ മിനിറ്റ്സും ചെലവുകളുടെ കണക്കുകളും കൃത്യതയോടെ സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ (ഇൻചാർജ്)
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ